**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ** **28/6/2011 ൽ മറുപടിയ്ക്ക്**

**ചോദ്യം നമ്പർ: 324**

**എല്ലാപഞ്ചായത്തുകളിലും പൊതുശ്മശാനം നിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ചന്ദ്രൻ: | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തുടനീളം മൃതദേഹങ്ങൾ സംസ്ക്കരിക്കുന്നത് ഒരു ബാദ്ധ്യത യായും സാമൂഹ്യപ്രശ്നമായും വളർന്നു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശി ക്കുന്നത് ; | (എ) ഉണ്ട്. 11-ാം പഞ്ചവത്സര പദ്ധതി രൂപീക രണത്തിനായി 14/5/07-ൽ പുറപ്പെടു വിച്ച സ.ഉ (എം.എസ്) 128/07/തസ്വഭവ മാർഗ്ഗ നിർദ്ദേശങ്ങളിൽ എല്ലാ ഗ്രാമപ ഞ്ചായത്തുകളും ശ്മശാന നിർമ്മാണം ഏറ്റെടുക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടു ണ്ടായിരുന്നു. മതിയായ സ്ഥല സൗകര്യം ലഭ്യമല്ലാത്തതും പൊതുജനങ്ങളുടെ എതിർപ്പും കാരണമാണ് പല ഗ്രാമപഞ്ചാ യത്തുകൾക്കും പൊതുശ്മശാനം സ്ഥാപിക്കാൻ കഴിയാതെ വരുന്നത്. ശ്മശാനം നിർമ്മിക്കുന്നതിന് ആവശ്യ മായ സ്ഥലം അടിയന്തിരമായി കണ്ടെ ത്തുന്നതിന് എല്ലാ ജില്ലാകളക്ടർമാർക്കും സർക്കാർ കർശന നിർദ്ദേശം നൽകിയി ട്ടുണ്ട്. ഇക്കാര്യത്തിൽ ജില്ലാ കളക്ടർമാ രുടെ അവലോകന യോഗങ്ങൾ കൂടു കയും സർക്കാരിന് റിപ്പോർട്ട് നൽകു കയും ചെയ്തു വരുന്നുണ്ട്. കൂടാതെ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറ ക്ടർക്കും നഗരകാര്യ ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) മൃതദേഹം സംസ്ക്കരിക്കുന്നതിന് മലപ്പുറം, തൃശ്ശൂർ, പാലക്കാട് ജില്ലകളി ലുള്ളവർ പ്രധാനമായും ആശ്രയിച്ചി രുന്ന പാമ്പാടി പഞ്ചായത്തിലെ ഐവർ മഠത്തിനെതിരെ ജനവികാരം ഉയർന്നു വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. തിരുവില്വാമല ഗ്രാമപഞ്ചായ ത്തിന്റെ 5/3/11- ാം തീയതിയിലെ 6-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം 2011- ഏപ്രിൽ മുതൽ പഞ്ചായത്തിന് പുറമേ നിന്നുള്ള മൃതദേഹങ്ങൾ പഞ്ചായത്ത് വക ശ്മശാനത്തിൽ സംസ്ക്കരിക്കുന്ന തിന് അനുവദിക്കേണ്ടതില്ല എന്ന് തീരു മാനിച്ചിരുന്നു. ഇക്കാര്യത്തിൽ പരാതി |

ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ പ്രസ്തുത തീരുമാനം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 191 (4) പ്രകാരം തടഞ്ഞുകൊണ്ട് സർക്കാർ ഉത്തരവാകുകയും 191(2) പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ് മാന് അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. മേൽ വിഷയം ഇപ്പോൾ ബഹു.കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(സി) ഈ സാഹചര്യത്തിൽ എല്ലാ പഞ്ചായത്തുകളിലും പൊതുശ്മശാനം നിർമ്മിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കി ഫണ്ട് നൽകുന്ന കാര്യം പരിഗണിക്കുമോ ?

(സി) പഞ്ചായത്തുകൾക്ക് പൊതുശ്മശാനം നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനായി സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്. ഇതിനായി കൂടുതൽ തുക ആവശ്യമായി വരുന്ന പഞ്ചായത്തുകൾക്ക് വർഷം തോറും അവർക്കു നൽകുന്ന പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ